LIBRARY ARCHIVES Kerala Legislative Assembly

ഗോപാലന്റെ ബസ് പിടിച്ചെടുത്ത സംഭവം

62 (4497) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലുണ്ടി പഞ്ചായത്തിലെ പറമ്പിൽ വീട്ടിൽ ശ്രീ. എ. ഗോപാലൻ തന്റെ ഉടമസ്ഥതയിലുള്ള കെ. ആർ. ഇസ്സഡ് 2829 നമ്പർ ബസ് പോലീസ് പിടിച്ചെടുത്തത് തിരികെ ലഭിച്ചിട്ടില്ലെന്ന് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പരാതി എന്നാണ് സമർപ്പിച്ചതെന്നും ഈ വിഷയത്തിൽ എത്ര പരാതികൾ അദ്ദേഹം സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ ഏതെങ്കിലും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ ;

(ഡി) ബസ് പിടിച്ചെടുക്കാൻ ഉണ്ടായ കാരണമെന്താണ് ; എന്നാണ് ബസ് പിടിച്ചെടുത്തത് ; തുടർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(ഇ) ഈ വിഷയത്തന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

വട്ടച്ചിറ, മാക്കുഴിയിൽ നീനയുടെ കൊലപാതകം

63 (4498) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരാച്ചുണ്ട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വട്ടച്ചിറ, മാക്കുഴിയിൽ മാത്യുവിന്റെ മകൾ നീനയുടെ കൊലപാതകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് കൊലപാതകം നടന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതു സംബന്ധിച്ച വല്ല കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാമാണ് പ്രതികൾ എന്നറിയിക്കാമോ ;

(ഇ) കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.